മുമ്പ് ഓരോ കൈവശക്കാരനേയും സർവ്വെയുടെ വിവരം അറിയിക്കുകയും അതിൽ കക്ഷിയ്ക്കു പരാതിയുണ്ടെങ്കിൽ നിവൃത്തിക്കുന്നതിനും സർവ്വെ അതിരടയാളനിയമത്തിൽ വ്യവസ്ഥയുണ്ട്. സർവ്വേ റിക്കാർഡുകളും ഫൈനലാക്കിയാലും ഒരു വർഷത്തിനുള്ളിൽ സർവ്വെയെപ്പറ്റി പരാതി സിവിൽ കോടതി മുഖേന പരിഹരിക്കാവുന്നതാണ്. എല്ലാറ്റിനും പുറമേ ബന്ധപ്പെട്ട കക്ഷികളും അപേക്ഷിച്ചാൽ സർവ്വെ റിക്കാർഡുകളും ഫൈനലാക്കുന്നതിനുമുമ്പുള്ള സ്കെച്ച് അവരുടെ ചെലവിൽ നൽകുന്നതിനും ഇപ്പോൾ വ്യവസ്ഥയുണ്ട്.

(ഇ) സർവ്വെ റിക്കാർഡുകളും റവന്യൂ ഭരണത്തിന്റെ ആവശ്യത്തിനായാണ് മുഖ്യമായും തയ്യാർ ചെയ്യുന്നത്. റീസർവ്വെ റിക്കാർഡുകളും ഫൈനലൈസ് ചെയ്യുന്ന മുറയ്ക്ക് റവന്യൂ ഭരണത്തിന് ഉപയോഗപ്രദമാക്കുവാനായി റവന്യൂ ഡിപ്പാർട്ട്മെന്റിന് ഏൽപ്പിക്കുന്നതാണ്.

(എഫ്) ചില സ്ഥലങ്ങളുടെ പ്രത്യേക സ്വഭാവംകൊണ്ട് അവ ചങ്ങല കൊണ്ടളന്ന് സർവ്വെ റിക്കാർഡുണ്ടാക്കാൻ സാദ്ധ്യമാവാതെ വരികയാണ്. അപ്രകാരം സ്ഥലങ്ങളും തിയോഡലൈറ്റ് ഉപയോഗിച്ചാണ് സർവ്വെ ചെയ്യുന്നത്. പക്ഷേ ഭൂമിയുടെ അതിരുകളും നിശ്ചയിക്കുന്നതിനുംമറ്റും യാതൊരു വ്യത്യാസവും തിയോഡലൈറ്റ് ഉപയോഗിച്ച് സർവ്വെ ചെയ്യുന്നതുകൊണ്ട് സംഭവിക്കുന്നില്ല. ഇടുക്കി ജില്ലയിൽ തൊടുപുഴ, ഉടുമ്പൻചോല, ദേവികുളം, പീരുമേഡ് എന്നീ താലൂക്കുകളിലും ഇപ്പോൾ റീസർവ്വെ പുരോഗമിച്ചുവരുകയാണ്. റീസർവ്വെയിൽ ഓരോ കൈവശവും അളന്ന് സർവ്വെ റിക്കാർഡുകളും ഉണ്ടാക്കുന്നതുകൊണ്ട് റീസർവ്വെ കൃഷിക്കാർക്ക് പ്രയോജനപ്രദമാണ്.

## പട്ടയം കൊടുക്കാൻ നടപടി

1042 [1660] **ശ്രീ. വട്ടിയൂർക്കാവ് രവി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജ് അതിർത്തിയിൽപ്പെട്ട കടകംപള്ളി പഞ്ചായത്തിൽനിന്നും ഭൂമിനൽകിയിട്ടുള്ളവർക്ക് പട്ടയം കൊടുത്തു തീർത്തിട്ടില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കടകംപള്ളി പഞ്ചായത്തിലുള്ള ഓൾ സെയിൻസ് കോളേജിനു കിഴക്കുവശം, വളരെക്കാലമായി താമസിച്ചു വരുന്ന കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാനുള്ള അടിയന്തിര നടപടികളും സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യത്തിലും നടപടി സ്വീകരിച്ചു വരുന്നു.

## സർവ്വീസ് സഹകരണസംഘങ്ങൾ

1043 [1661] **ശ്രീ. സിറിയക്ക് ജോൺ:** താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർവ്വീസ് സഹകരണസംഘങ്ങളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly